പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: **3074**

13.10.2011 ൽ മറുപടിയ്ക്ക്

## ടി. വി. റിപ്പോർട്ടറെ മർദ്ദിച്ച സംഭവം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ. എം. ആരിഫ് | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) | ആലപ്പുഴ എഫ്.സി.ഐ. ഗോഡൗണിൽ അരി കെട്ടിക്കിടക്കുന്നത് റിപ്പോർട്ട് ചെയ്യുവാനെത്തിയ അമൃത ടി. വി. റിപ്പോർട്ടർ രാജീവിനെ 2011 ജൂൺ 18-ാം തീയതി ഗോഡൗൺ മാനേജർ ആക്രമിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഏതൊക്കെ വകുപ്പുകൾ ചുമത്തിയാണ് മാനേജർക്കെതിരെ കേസ് ചാർജ് ചെയ്തിരിക്കുന്നത് ; | (ബി) | ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷൻ ക്രൈം 501/2011 under Section 341, 323, 427, 294 ( b) IPC പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. |
| (സി) | ഇതു സംബന്ധിച്ച അന്വേഷണം ഏതു ഘട്ടത്തിലാണ് ; അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; | (സി) | കേസിൽ അന്വേഷണം പൂർത്തിയാക്കി പ്രതിയുടെ പേരിൽ കുറ്റപത്രം ബഹുമാനപ്പെട്ട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണ്. |
| (ഡി) | മാനേജർക്കെതിരെ ക്രൈംകേസ് രജിസ്റ്റർ ചെയ്ത വിവരം എഫ്.സി.ഐ.യുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുണ്ടോ ? | (ഡി) | അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ